LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ 34 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(ബി) അക്കാദമികൾക്ക് ഈ വർഷത്തെ (2015-16) പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക താഴെ പറയും പ്രകാരമാണ് :

1.	കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി	475 ലക്ഷം
2.	കേരള സംഗീത നാടക അക്കാദമി	405 ,,
3.	കേരള ലളിതകലാ അക്കാദമി	400 ,,
4.	കേരള ഫോക്‌ലോർ അക്കാദമി	174 ,,
5.	കേരള സാഹിത്യ അക്കാദമി	240 ,,
6.	മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി	.....
7.	കൊങ്കിണി സാഹിത്യ അക്കാദമി	.....
8	കേരള ഉർദു അക്കാദമി	.....

(സി) ഉണ്ട്. എന്നാൽ തുക വകയിരുത്തിയിട്ടില്ല.

രാജാരവിവർമ്മ സ്മാരക നിലയത്തിൽ സംഘടിപ്പിച്ച പരിപാടികൾ

77 (1445) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി ഈ ആഘോഷ പരിപാടികൾക്കായി എന്ത് തുക ചെലവഴിച്ചിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിനായുള്ള ഫണ്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയിൽ നിന്നുമാണെന്ന് വ്യക്തമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ സംസ്ഥാന പുരസ്കാരത്തിന് അർഹരായ പത്ത് ശിൽപികളെ ഉൾപ്പെടുത്തി ശിൽപ്പാഞ്ജലി എന്ന ശിൽപകലാ ക്യാമ്പും 2015 ഏപ്രിൽ 29-ന് രവിവർമ്മ അനുസ്മരണ പ്രഭാഷണങ്ങളും കുട്ടികളുടെ ചിത്രരചനാ ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 168-ാം ജന്മദിനാഘോഷ പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് താഴെ ചേർക്കുന്നു :

1.	അനുസ്മരണ പ്രഭാഷണങ്ങളും സമ്മേളനവും കുട്ടികളുടെ ചിത്രശിൽപശാലയും.	52.711
2.	ശിൽപാഞ്ജലി ശിൽപകലാ ക്യാമ്പ് 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ	938.121

(സി) കേരള ലളിതകലാ അക്കാദമിക്ക് അനുവദിച്ച പദ്ധതിയിന ഫണ്ടിൽ നിന്നാണ് ഈ തുക ചെലവഴിച്ചത്.

മിഷൻ 676 -ൽ ഉൾപ്പെട്ട സാംസ്കാരികരംഗത്തെ പദ്ധതികൾ

78 (1446) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരികരംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?